**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1774** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിൽ കൃഷി ഓഫീസർ ഉൾപ്പെടെയുള്ള തസ്തികകളിലേക്കായി അഡ്വൈസ് മെമ്മോ ലഭിച്ചിട്ടും ജോലി ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | 2022 മാർച്ച് 26-ന് നടന്ന പി.എസ്.സി. പരീക്ഷയുടെ അടിസ്ഥാനത്തിൽ 09/02/2023 തീയതിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും 10/03/2023 മുതൽ നാളിതു വരെ 253 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിരുന്നു. നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട് |
| (ബി) | എങ്കിൽ എത്ര പേർക്കു നിയമന ശിപാർശ നൽകിയിട്ടുണ്ടെന്നും എപ്പോഴാണ് ശിപാർശ നൽകിയതെന്നും ഇതിൽ എത്ര പേർക്കു ജോലി കിട്ടിയെന്നും വ്യക്തമാക്കുമോ; | (ബി) | 2022 മാർച്ച് 26-ന് നടന്ന പി.എസ്.സി. പരീക്ഷയുടെ അടിസ്ഥാനത്തിൽ 09/02/2023 തീയതിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും 10/03/2023 മുതൽ നാളിതു വരെ 253 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിരുന്നു. നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| (സി) | 2022 മാർച്ച് 26-ന് നടന്ന പി.എസ്.സി. പരീക്ഷയിലെ റാങ്ക് പട്ടികയിൽ നിന്ന് എപ്പോഴാണ് നിയമന ശിപാർശ നൽകിയതെന്ന് വ്യക്തമാക്കുമോ; | (സി) | **2022 മാർച്ച് 26-ന് നടന്ന പി.എസ്.സി. പരീക്ഷയുടെ അടിസ്ഥാനത്തിൽ 09/02/2023 തീയതിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും 10/03/2023 മുതൽ നാളിതു വരെ 253 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിരുന്നു. നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.** |
| (ഡി) | നിയമന ഉത്തരവ് നൽകിയാൽ എത്ര മാസത്തിനുള്ളിൽ നിയമനം നൽകണമെന്നാണ് പി.എസ്.സി. പറയുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | നിയമന ഉത്തരവ് കൈപ്പറ്റിയാലുടൻ ഉദ്യോഗാർത്ഥിക്ക് ജോലിയിൽ പ്രവേശിച്ച് നിയമനം നേടാവുന്നതാണ്. |
| (ഇ) | പഞ്ചായത്ത് തലത്തിലെ കൃഷി ഓഫീസുകളിൽ ഓഫീസർമാരില്ലാത്ത പ്രശ്നം നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; എത്ര കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (ഇ) | പി.എസ്.സി യിൽ നിന്നും നിയമന ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കൃഷി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സർവ്വീസിൽ പ്രവേശിച്ചതിനു ശേഷം വിവിധ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിച്ചതു മൂലം കൃഷി ഭവനുകളിൽ നിലവിൽ വന്ന ഒഴിവുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ക്രമ നമ്പർ | ജില്ല | കൃഷി ഭവൻ |
|---|---|---|
| 1 | തിരുവനന്തപുരം | ചെറുന്നിയൂർ |
| 2 | ഇടുക്കി | കഞ്ഞിക്കുഴി<br>നെടുങ്കണ്ടം<br>ഇടമലക്കുടി |
| 3 | എറണാകുളം | കട്ടമ്പുഴ<br>കീഴ്മാട് |
| 4 | കണ്ണൂർ | ചിറ്റാരിപറമ്പ<br>കീഴൂർ – ചാവശ്ശേരി<br>മുണ്ടേരി |
| 5 | കാസറഗോഡ് | പൈവളിഗെ<br>കിനാനൂർ – കരിന്തളം |
| 6 | കോഴിക്കോട് | കുന്ദമംഗലം<br>പുറമേരി |